ശ്രീ. ടി. കെ. ദിവാകരൻ: അതു് ടിക്കറ്റുവെച്ചു നടത്തുന്നതല്ല. അതുകൊണ്ടു് അക്കാര്യം കണക്കിലെടുക്കേണ്ടതില്ല. ഇപ്പോഴതന്നെ എല്ലാകാര്യത്തിലും ആവശ്യ നടപടികളെടുക്കുന്നുണ്ടു്. ഇതു് പാസാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

The question that the Kerala Local Auhorities Entertainments Tax (Amendment) Bill, 1969 be taken into considera ion was put and carried.

Clause 2 to 4

The question that Clauses 2 to 4 stand part of the Bill was put and carried.

Clauses 2 to 4 were added to the Bill.

Clause 1, Preamble and Title.

The question that Clause 1, Preamble and Title, stand part of he Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri. T. K. Divakaran: Sir, I move that the Kerala Local Authorities Entertainments Tax (Amendment) Bill 1969 be finally passed.

Shri C H Muhammed Koya: I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

HALF AN HOUR DISCUSSION

LICENSE FOR FELLING OF TIMBER IN THE PRIVATE FORESTS

ശ്രീ. കെ. കരുണാകരൻ: ഇന്നു സഭയിൽ ഇന്നു മാസം 8-ാം തീയതി 142-ാം നമ്പർ ചോദ്യത്തിനു് മറുപടി പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി നൽകിയിട്ടുള്ള വിവരണം സത്യത്തിനു് നിരക്കാത്തതും തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ളതുമാണെന്നുള്ളതിനെ മുൻനിറുത്തിയാണു് റൂം 48 അനുസരിച്ചു് ഒരു ചർച്ചയ്ക്കു് ഞാൻ അനുവാദം ആവശ്യപ്പെട്ടിട്ടുള്ളതു്. സർ, പാറുക്കുട്ടി മുപ്പിലമ്മ എന്ന സ്ത്രീക്കു് മരം മുറിച്ചു് വിൽക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്ന ഉപചോദ്യം ഉണ്ടായിരുന്നതു്: അതിനു മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഈ കാര്യത്തിൽ ഗവണ്മെൻറു് ഒന്നുംതന്നെ തെറ്റായി ചെയ്തിട്ടില്ല, നിയമപ്രകാരമാണു് ചെയ്തിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ടു്. ശ്രീ. കെ. എം. ജോർജ്ജു് ചോദിച്ച ചോദ്യം ഇതാണു്.

"മുപ്പിലമ്മയ്ക്കു് കൊടുത്ത പെർമിറ്റിൽ വെട്ടാൻ ഉദ്ദേശിച്ചിരുന്നതിനേക്കാളും വെട്ടിയ തടി കൊണ്ടുപോകാൻ ടെലിപ്രിൻറർവഴി കളക്ടർക്കു് മെസേജു് കൊടുത്തിട്ടുണ്ടു്. അതിനെപ്പറ്റിയാണു് ചോദിച്ചതു്." അതിനു് മന്ത്രിയുടെ മറുപടി ഇതാണു്.

"എം. പി. പി. എഫു് ആക്ടു് പ്രകാരം ഏതെങ്കിലും ഒരാൾ നിയമവിരുദ്ധമായി മരം മുറിച്ചിട്ടുണ്ടെങ്കിൽ അതിനു് നടപടികൾ എടുക്കാൻ ആക്ടിൽ പ്രത്യേക വ്യവസ്ഥകളുണ്ടു്. അതുപ്രകാരം നടപടി നടത്തണമെന്നു് കളക്ടരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. നടപടി നടത്തുന്നതിനുള്ള അധികാരം കളക്ടർക്കാണു്. ഈ പ്രത്യേക കേസു് കളക്ടർ സ്റ്റേ ചെയ്തിരിക്കുകയാണു്."

എന്റെ ചോദ്യം ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly

"കളക്ടറുടേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും ഉദ്ദേശത്തിനു വിപരീതമായി ഗവണ്മെന്റ് എന്തെങ്കിലും പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടോ?" അതിനു് മന്ത്രിയുടെ മറുപടി ഇതാണു്.

"ഗവണ്മെന്റ് കളക്ടറുടേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും ഉദ്ദേശത്തിനു വിപരീതമായി ഒരു കല്പനയും പുറപ്പെടുവിച്ചിട്ടില്ല. ഗവണ്മെന്റിനു് അപ്പീൽ അധികാരമുണ്ടു്."

ഇതിന്റെ മുഴുവൻ പശ്ചാത്തലവും പരിശോധിക്കുമ്പോഴാണു് മിനിയാന്നത്തെ ചർച്ചാവേളയിൽ വളരെയധികം അഴിമതിയാരോപണങ്ങളും നടന്നിട്ടുണ്ടെന്നു തോന്നിക്കാൻ ഇടയായിട്ടുള്ളതു്. ശ്രീമതി പാറുക്കുട്ടി മൂപ്പിലമ്മയ്ക്കു് ക്ലിയർഫെല്ലിംഗിനു് അനുവാദം കൊടുത്തുകൊണ്ടുള്ള കൽപ്പന ആദ്യം 7-10-1968 ലാണു് കൊടുത്തതു്. ആ കൽപന കൊടുക്കുന്ന അവസരത്തിൽ, നമ്മുടെ സ്വകാര്യവനങ്ങളും സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികളും ആരംഭിക്കാൻ പോകുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ചുരുങ്ങിയ നിലയിൽ മാത്രമേ അനുവാദം കൊടുത്തുള്ളൂ. 75 ഏക്കറിനു് മാത്രമാണു് അനുവാദം കൊടുത്തതു്. അവർ മുടന്തു് കൂടുതൽമരം മുറിക്കുന്നതിനുള്ള അനുവാദത്തിനു് രണ്ടാമതു് ഡി. എഫ്. ഓ. സ്സു് എഴുതിഅയച്ചു. ഇനി മേലാൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കു് ശുപാശ് ചെയ്യുന്ന അവസരങ്ങളിൽ റിസ്ട്രിക്ഷൻ ഒന്നുംവേണ്ട, ഗവണ്മെന്റിനു് അനുവാദം കൊടുക്കുന്നതിനു് വിരോധമില്ല, അതുകൊണ്ടു് ഇനിമേലാൽ ഡിപ്പാർട്ടുമെന്റു് ഈ വക കാര്യങ്ങളെല്ലാം പരിശോധിക്കേണ്ടതില്ല, ശുപാശ് അയച്ചാൽ മതിഎന്നു ഗവണ്മെന്റിൽനിന്നു ഒരു കത്തു ഡി. എഫ്. ഓ. മാക്കു അയച്ചു. ആ കത്തു ഞാൻ ഇവിടെ വായിക്കാം.

D. O. letter from the District Collector, Kozhikode to Sri. A. I. Iypu, D. F. O. dated 13-1-1969.

"My dear Iype:

Please refer to my confidential D. O. cc. No. 15/68/dated 19-8-68 in which I had requested you to put some limit on the area recommended for clear felling for private individuals and firms. As you know, in a few cases, permit for clear felling was restricted to the extent mentioned in my D. O., but some of the persons went in appeal and the Government have issued orders permitting clear felling of larger areas (See G. O. No. Rt. 2768 Agril dd. 7-11-63 and G. O. No. R... 3092/68 dtd. 7-12-68). This indicates that the Government do not approve the policy of restricting the area as mentioned in my D. O. letter. Therefore the restrictions regarding the area as mentioned in my D. O. letter dated 19-8-68 need not be observed in recommending clear fellling permits hereafter. However the instructions contained in D. O. letter 44449/F4/68 April dated 30-7-68 from the Secretary to Government, Agricultural Department which I, believe, has already been communicated to you may be observed.

പാറുക്കുട്ടി മൂപ്പിലമ്മയെ സംബന്ധിച്ചിടത്തോളം അവർക്കു് കൊടുത്തിട്ടുള്ളതായ കല്പന കളക്ടർ സസ്പെന്റു് ചെയ്തിട്ടുണ്ടു്. സസ്പെന്റു് ചെയ്യാനുണ്ടായ കാരണം ഞാൻ വായിക്കാം.

Proceedings of the District Collector, Kozhikode dated 7-4-69.

"It has been brought to the notice of the Collector that the permit holder Smt. A. P. Parukutty Moöppilamma in clear felling large area

LIBRARY ARCHIVES Kerala Legislative Assembly

outside the area permitted in Collector's Proceedings 1st and 2nd cited (viz: Cl. 9556/68 dated 7-10-68 and Cl. 33290/68 dated 18-12-68). It is also reported that the petitioner is carrying on clearfelling in areas adjoining the Kakkayam Reservoir area and this is highly detrimental to the future of the Reservoir. Since the matter is of utmost importance and the permit holder violattd the provisions of the M. P. P. F. Act, the two permits granted in Collector's proceedings 1st and 2nd cited above are suspended until further orders.

The Divisional Forest Officer, Kozhikode will see that the operation of the permits is stopped forthwith".

ആദ്യത്തെ കല്പനയാണു്. ഉടൻതന്നെ അടുത്തദിവസംതന്നെ കളക്ടർ പാറുക്കുട്ടി മൂപ്പിലമ്മയ്ക്കു് നോട്ടീസു് അയച്ചു. അവർ ചെയ്തിട്ടുള്ള നടപടി തെറ്റാണെന്നു കാണിച്ചുകൊണ്ടു് നോട്ടീസു് അയച്ചു. ആ നോട്ടീസു് ഇവിടെ വായിക്കാം.

"It is also brought to notice that the permit holder is carrying on clearfelling in areas adjoining the Kakkayam Reservoir area. She has violated the provisions of the M. P. P. F. Act and thereby committed an offence punishable under Section 7 (1) of the M. P. P. F, Act. The permit holder is therefore directed to show cause in writing within 7 days of the receipt on this notice why the above two permits should not be cancelled. If no explanation is received within the specified period, it will be presumed that the permit holder has no explanation to offer and orders deemed fit will be passed in the matter.

To Smt. A. P. Parukutty Mooppilamma, Anoth Hall, Chalapuram, Calicut-2"

ഈ കല്പനയാണു് പുറപ്പെടുവിച്ചിട്ടുള്ളതു്. ഒന്നാംതീയതി ബഹുമാനപ്പെട്ട മന്ത്രിയുടെ കല്പന ഡി. എഫ്. ഓ. ക്കു് അയച്ചു. അതായതു് പാറുക്കുട്ടി മൂപ്പിലമ്മയുടെ അപേക്ഷ പ്രകാരം അവർക്കു് അനുവദിച്ചിട്ടുള്ള സ്ഥലത്തുനിന്നു് മരം വെട്ടിക്കൊണ്ടുപോകണമെന്നുള്ള കല്പന ഡി. എഫ്. ഓ. ക്കു് അയച്ചുകൊടുത്തു. അതിനെക്കുറിച്ചു് ഡി. എഫ്. ഓ. കളക്ടർക്കു റിപ്പോർട്ടു് അയച്ചു. അതു് ഞാൻ വായിക്കാം.

I invite kind attention to my reference cited (P. 3782/69 dated 1-4-69) and the clearfelling permit granted in Dist. Collector's Cl. 9556/68 dated 7-10-68 and Cl.33290/68 dated 18-12-68 to Smt. A. P. Parukutty Mooppilamma.

On 1-4-1969, a teleprinter message received from the Government in No. 20461/F4/69 AD dated 1-4-69 directing me to allow the permit holder, Smt. A. P. Parukutty Moopilamma to remove all the timber cut and collected at the spot in the Malavaram. In view of this Order, I am to allow the party to resume work, with immediate effect.

But in view of the fact that there had been some illicit felling outside the permitted area, it may not sound well to allow the party to allow removal of all timber cut and collected on the spot in the Malavaram as noted in the Teleprinter message, since the timber so cut and collected includes those from outside the permitted area also as illicit fellings. Hence

LIBRARY ARCHIVES Kerala Legislative Assembly

in obedience to the orders contained in the teleprinter message, I am directing the Range Officer, Kuttiyadi to allow the party to resume the work in the 275 acres (2 permits) only and to remove the timber and the firewood therein. There is no objection to extend the currency of the period noted in the permit for cutting and removal from this area for the actual number of days lost by the party due to this suspension of the work as noted above, in addition to a few days."

This was issued on 2-4-69.

ഈ കല്പന കിട്ടിയ ഉടനെ ഡി. എഫ്. ഓ. മരം മുറിച്ച് കൊണ്ടുപോകാനുള്ള അനുവാദം കൊടുത്തു. പക്ഷേ അതേയവസരത്തിൽ നിയമവിരുദ്ധമായി മരംമുറിച്ചു കൊണ്ടുപോകാൻ പാടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശവുമുണ്ട്.

"I am asking the R. O., Kuttiyadi to charge an offence under M. P. P. F. Act for the illicit felling noted above. I shall be submitting my further report and offence report in due course."

ഈ റിപ്പോർട്ടുപോയ അവസരത്തിലാണ് കളക്ടർ ഉടൻ പെർമിറ്റ് സസ്പെൻറ് ചെയ്യാനുള്ള പ്രൊസീഡിംഗ്സ് 7-4-1969-ൽ എടുത്തു. 7-4-1969-ൽ കളക്ടരുടെ പ്രൊസീഡിംഗ്സ് ആയപ്പോഴേക്കും തിരുവനന്തപുരത്തേക്ക് പറന്ന് 8-ാം തീയതിതന്നെ മന്ത്രിക്ക് പെറ്റീഷൻ കൊടുത്തു. അപ്പോഴേതന്നെ മന്ത്രിയുടെ കയ്യിൽനിന്ന് ആർഡറും വാങ്ങി. ആ ആർഡറിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

Letter dated 8-4-69 from Secretary to Government, Agrl. (Forest) Department to the District Collector, Kozhikode reads as follows:

Sub:—Private forests-Kozhikode District-Quilandy Taluk-Kayanna Amsom-Olathookki Ariyalakkan Malavaram-Clearfelling permit-petition-regarding:-

Ref:—Government letter No. 2046/F4/69 AD dated 1-4-1969.

In continuation of the reference cited, I am directed to inform you that the applicant Smt. A. P. Parukutty Mooppilamma has since requested Government to allow the transport of all the timbers cut before 30-3-1969, from the malavaram including the alleged illicit cutting.

I am to inform you that Government have allowed this request and the earlier direction is modified to this extent."

എന്താണ് സർ ഇത്. ഇങ്ങനെ വളരെ അടിയന്തിരമായി, യാതൊരു വിധത്തിലുള്ള അന്വേഷണവും നടത്താതെ വിശേഷിച്ച് റിസർവായറിനെ കാര്യമായി ബാധിക്കുമെന്ന വ്യക്തമായ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളക്ടർ സസ്പെൻഷൻ ആർഡർ കൊടുത്തിട്ടും ഇത്തരത്തിലുള്ള നിർദ്ദേശം കൊടുക്കാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു മനസിലാകുന്നില്ല. എന്നുമാത്രമല്ല പാറുക്കുട്ടി മൂപ്പിലമ്മയ്ക്കുവേണ്ടി ഒരു പെറ്റീഷൻ ഡി. എഫ്. ഓ. യ്ക്ക് കൊടുത്തിട്ടുണ്ട്. ആ പെറ്റീഷനിൽ പറയുന്നത് ഇങ്ങനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Petition from M. N. Sankaranarayanan Nair for Smt. A. P. Parukutty Moopilamma to the D. F. O., Kozhikode dated 9-4-1969.

"I have filed a petition to the Minister for Forest and he was pleased to issue an order No. 20461/F4/69 dated 8-4-69."

ഡി. എഫ്. ഓ. ഇൗ ആർഡർ കിട്ടുന്നതിനു മുൻപു് 9–ാം തീയതിതന്നെ പാറുക്കുട്ടി മൂപ്പിലമ്മക്കുവേണ്ടി ഒരു അപേക്ഷ ഡി. എഫ്. ഓ. ഇൗ കൊടുത്തിട്ടുണ്ടു് ഈ കാര്യത്തിൽ മന്ത്രി കാണിച്ചിട്ടുള്ള ഉൽക്കണ്ഠ വളരെയധികം സംശയത്തിനു് ഇടയാക്കിയിട്ടുണ്ടു്. അതിനു് ഒരു സാക്ഷിപത്രിക എന്നുള്ള നിലയിൽ മന്ത്രി ഒരു ജഡ്ജ്മെൻറും ഹാജരാക്കുകയുണ്ടായി. ആ ജഡ്ജ്മെൻറും ടിമ്പർ കൊണ്ടുപോകുന്നതുമായി യാതൊരു ബന്ധവുമില്ല. ആ ജഡ്ജ്മെൻറു് എൻ. കെ. പ്രകാശും പാറുക്കുട്ടി മൂപ്പിലമ്മയും തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കത്തെ സംബന്ധിച്ചുള്ളതാണു്, ഓ. പി. 2405–ാം നമ്പരായി ആണു് ആ കേസു് ഹൈക്കോർട്ടിലുള്ളതു്. ആ കേസിന്റെ തീരുമാനം എന്തായാലും ശരി മഴക്കാലത്തിനു മുൻപു് മരം മുറിച്ചു കടത്തിയില്ലെങ്കിൽ കുഴപ്പമുണ്ടാകുമെന്നു വിചാരിച്ചു് മരം മുറിക്കുകയാണു് ഉണ്ടായതു്. അല്ലാതെ ഗവണ്മെൻറിന്റെ കല്പനയെത്തുടർന്നായി കൊടുത്ത കേസല്ല. ഇങ്ങനെ അനധികൃതമായി മരം മുറിക്കുന്നതു് സീരിയസ് ഒഫൻസാണെന്നു് എം. പി. പി. എഫ്. ആക്ടിലെ റൂൾസിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്.
ആക്ടു് 7 (1) പറയുന്നതു്

"Whoever contravenes the provisions of sub-section (1) or sub-section (2) of Section 3 or any of the terms of a notification under section 6 shall be punishable with imprisonment which may extend to two years or with fine which may extend to 5,000 rupees or with both" എന്നാണു്. ഇത്രയും ഗൗരവമായ ഒരു കുറ്റമാണു് ചെയ്തിട്ടുള്ളതു്. പ്രോസിക്യൂഷൻ നടപടികളും നടത്തുന്നതിനു് ഡിപ്പാർട്ടുമെൻറു് നടപടികളും എടുത്തിട്ടുണ്ടു്. ഒരു വിശദീകരണംപോലും ആവശ്യപ്പെട്ടുന്നില്ല. ഇക്കാര്യത്തിൽ മറ്റൊരു സംഗതികൂടി നോക്കാനുണ്ടു്; ഏതടിസ്ഥാനത്തിലാണു് സസ്പെൻഷൻ നടത്തിയിട്ടുള്ളതു് എന്നു് എം. പി. പി. എഫ് ആക്ടിന്റെ റൂൾസിൽ വളരെ വ്യക്തമായി പറയുന്നുണ്ടു്.

"a Felling and removal of any tree growth within one chain of either bank of any stream or within a belt of 10 chains bordering a dam or reservoir, is prohibited;

ഇതു് പ്രോജക്ടിനെ ബാധിക്കുന്നതാണു്. ആ ഗുളിൽ റിസർവോയറിന്റെ കാര്യവും എടുത്തു പറയുന്നുണ്ടു്.

"The grant of permission in respect of any forest area which forms the catchment area of any irrigation project, will not cause soil erosion, which will be detrimental to the proper development or preservation of the forest area in question or diminish its utility or function as a forest."

ഇക്കാര്യം കളക്ടരുടെ അനേഷണത്തിനുവിധേയമാക്കിയിട്ടുണ്ടു്. ഈ പാറുക്കുട്ടിയമ്മയ്ക്കു കൊടുത്തിട്ടുള്ള 275 ഏക്കറിനു് പുറമെ 400 ഏക്കറോളം റിസർവോയറിന്റെ അതിർത്തിയിൽ ചെന്നു് മരം വെട്ടിത്തുടങ്ങിയപ്പോഴാണു് ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധ പാർശ്വയിന്മേൽ കളക്ടർ സ്റ്റേ കൊടുത്തതു്. പാറുക്കുട്ടിയമ്മയ്ക്കു കല്പന കൊടുത്ത അതേ ഗവണ്മെൻറുതന്നെ വേറൊരാൾക്കും പെർമിറ്റു കൊടുത്തിരുന്നു. അതും ഈ കളക്ടർവഴിതന്നെ. അതും ഗവണ്മെൻറു് അംഗീകരിച്ചിരുന്നു. ഈ പെർമിറ്റു് ഗവണ്മെൻറു് പിന്നീടു് ക്യാൻസലാക്കിയതു് റിസർവോയറിന്റെ അടുത്തേക്കു വരുന്നു എന്ന ഒറ്റക്കാരണം പറഞ്ഞുകൊണ്ടാണു്. ഒരു പെർമിറ്റു് ക്യാൻസൽ ചെയ്യുകയും മറ്റൊരു പെർമിറ്റു് അനുവദിക്കുകയും ചെയ്തതു് എന്തടിസ്ഥാനത്തിലാണെന്നു് എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, അര മണിക്കൂറിനകത്തു തീർക്കേണ്ടതാണു് ഈ ചർച്ച.

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ പാറുക്കുട്ടിയമ്മയ്ക്കു് വനം പതിച്ചു കൊടുക്കുന്ന കാര്യത്തിൽ കാണിച്ചിട്ടുള്ള ഉൽക്കണ്ഠ 1-4-69-നു ശേഷം ഈ ഏരിയായിൽനിന്നും 859 ലോറി മരം, 9 ലക്ഷം രൂപ വിലവരുന്ന മരം, മുറിച്ചു കടത്തിയിട്ടുണ്ടു്, 275 ഏക്കറിനുള്ളിൽ വളരെയധികം മരം വെട്ടിമുറിച്ചു കടത്തിയിട്ടുണ്ടു്. 9 ലക്ഷം രൂപ വിലവരുന്ന മരം കടത്തിയിട്ടുണ്ടു്. "കൈലാസം നന്നാകാനല്ല പ്രദോഷം നോക്കുന്നതെന്നു" പറഞ്ഞതുപോലെ ഇതു് നിയമത്തിനു് വിരുദ്ധമാണു്. കാമ്പൗണ്ടു ചെയ്യുന്നതു് നിസ്സാരമായ കാരണത്താലാണെന്നു പറഞ്ഞിട്ടുണ്ടു്. എം. പി. പി. എഫ്. ആക്ടിനു വിരുദ്ധമായി കളക്ടറും മന്ത്രിയും ലക്ഷക്കണക്കിനു രൂപ വിലവരുന്നതായ മരം കാട്ടിൽനിന്നും മുറിച്ചുകൊണ്ടുപോകാൻ പാറുക്കുട്ടിയമ്മയെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതു തീർച്ചയായും വലിയ അഴിമതിയാണു്. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി മന്ത്രി അഴിമതി കാണിച്ചിട്ടുണ്ടെന്നും ഇതു് തെറ്റായ നടപടിയാണെന്നും ഞാൻ വ്യക്തമാക്കുന്നു.

"വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, ഞാൻ ആദ്യമായി പാറുക്കുട്ടി മുപ്പിലമ്മയ്ക്കു പെർമിറ്റു കൊടുത്തതിനെപ്പറ്റി പറയാം. കൊയിലാണ്ടി തഹസീൽദാരുടെ റിപ്പോർട്ടപ്രകാരം, അവർക്കനുവദിച്ചിട്ടുള്ള സ്ഥലം യാതൊരു ഇറിഗേഷൻ പദ്ധതി പ്രദേശവും ഉൾപ്പെടുന്നതല്ലെന്നു പറഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ കാറിയാടി റെയിഞ്ചാഫീസറുടെ റിപ്പോർട്ടപ്രകാരം മരം ക്ലിയർഫെല്ലിംഗ് ചെയ്യുന്നതിനു് അംഗീകാരം കൊടുക്കുകയാണെങ്കിൽ സോയിൽ ഇറോഷൻ ഉണ്ടാവുകയില്ലെന്നും പറഞ്ഞിട്ടുണ്ടു്. ഈ അടിസ്ഥാനത്തിൽ എം. പി. പി. എഫ്. ആക്ടിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണു് ഈ പാറുക്കുട്ടി അമ്മയ്ക്കു് പെർമിറ്റു കൊടുത്തിട്ടുള്ളതു്.

സർ, പ്രധാനപ്പെട്ട പ്രശ്നത്തിലേക്കു കടക്കാൻ ഞാനാഗ്രഹിക്കുകയാണു്. പെർമിറ്റു കൊടുത്തു് ഓപ്പറേറ്റു ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ അവിടെനിന്നും അനധികൃതമായി മരം മുറിക്കുന്നുണ്ടു് എന്നതിന്റെ അടിസ്ഥാനത്തിൽ മരം കടത്തുന്നതു് തടഞ്ഞുകൊണ്ടുള്ള നടപടി സ്വീകരിച്ചു. അങ്ങനെ മരം അനധികൃതമായി മുറിച്ചുമാറ്റിക്കൊണ്ടു പോകുന്നതിനെക്കുറിച്ചു മാത്രമേ ഗവണ്മെന്റു് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളൂ. ഇതു പുറപ്പെടുവിക്കാനുണ്ടായ കാരണംതന്നെ ഗവണ്മെന്റിനു് അധികാരമുണ്ടു് എന്നതാണു്. എം. പി. പി. എഫ്. ആക്ടിന്റെയും റൂംസിന്റെയും അടിസ്ഥാനത്തിൽ ഇടപെടാനും അപ്പീൽ സ്വീകരിക്കാനും അധികാരമുള്ളതുകൊണ്ടു മാത്രമാണു് ഇടപെട്ടിട്ടുള്ളതു്. എന്തുകൊണ്ടാണു് ഇടപെട്ടതെന്നു ചോദിച്ചാൽ അനധികൃതമായി മരം മുറിക്കുന്നുണ്ടെങ്കിൽ അതിനു ഗവണ്മെന്റു നിശ്ചയിക്കുന്ന എന്തു സംഖ്യയും തരാമെന്നു കക്ഷി ഗവണ്മെന്റു മുമ്പാകെ അണ്ടർടേക്കിംഗ് കൊടുത്തിട്ടുണ്ടു്. അതു ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയാണു്.

As the owner of the trees, I am prepared to pay the compounding fees to be levied by the Government. No fresh cutting is going on in the areas and during this season no fresh cutting will take place. The applicant has got sufficient means to pay the compounding fees and the applicant undertakes that in case the compounding fee is levied, she would remit it in full.

ഈ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിലാണു് മരം കൊണ്ടുപോകാൻ ഗവണ്മെന്റു് അനുവദിച്ചതു്. സർ, നിർഭാഗ്യകരമെന്നു പറയട്ടെ സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടു് ശ്രീ. കരുണാകരൻ ഹൈക്കോടതി ഉത്തരവിനെക്കുറിച്ചു് സംസാരിച്ചു. ഹൈക്കോടതി ഉത്തരവു് ഉണ്ടായതുതന്നെ ഗവണ്മെന്റിന്റെ ഈ ഉത്തരവു് ചോദ്യം,

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ കൊടുത്ത ഒരു റിട്ട് പെറ്റീഷന്റെ, C M. P. പെറ്റീഷന്റെ അടിസ്ഥാനത്തിലാണ്. ഇങ്ങനെ കോടതിയുടെ ഉത്തരവിനെപ്പോലും തെറ്റിദ്ധരിപ്പിക്കുന്നതരത്തിൽ സഭയിൽ അവതരിപ്പിക്കുന്നതു് മര്യാദയല്ല, നീതിയല്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. സർ, കോടതി ചോദ്യം ചെയ്ത ഉത്തരവു്തന്നെ പി. 3 എന്നു പറയുന്ന ഗവണ്മെന്റിന്റെ ഉത്തരവാണു്. ഈ ഉത്തരവിൽ കക്ഷിയായിട്ടുള്ളതുതന്നെ ഒന്നാം കക്ഷി സ്റ്റേറ്റ് ഗവണ്മെന്റും, രണ്ടാം കക്ഷി ഡിസ്ട്രിക്ട് കളക്ടറും മൂന്നാം കക്ഷി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറും നാലാം കക്ഷി പാറുക്കുട്ടിയമ്മയുമാണു്. ഒന്നാംകക്ഷി പുറപ്പെടുവിച്ച പി. 3 ആർഡറാണു് അതിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതു്. കോടതി ഉത്തരവിൽ പറയുന്നതു്

Exhibit P-3 order only allows the fourth respondent to transport the timber which have been cut by her prior to 30-3-1969.

ഇതാണു്. ഇതിന്റെ മറ്റു ഭാഗങ്ങൾ കഴിഞ്ഞ രണ്ടുദിവസത്തിനുമുമ്പു് ഇതേസഭയിൽ ഞാൻ അവതരിപ്പിച്ചതാണു്.

As the rainy season is fast approaching, it is necessary that the timbers should be removed from the place as early as possible, otherwise the same is a loss to all concerned. It is seen from the counter affidavit of the fourth respondent that she had already given an undertaking to pay to Government the compounding fees, if any, that may be fixed by tht Forest authorities. In the circumstances, it appears to be just to vacate the order of interim injunction.

സർ ഇതാണു് കോടതിയുടെ ഉത്തരവു്. നമ്മുടെ ഹൈക്കോടതി പുറപ്പെടുവിച്ച ഈ ഉത്തരവിനെപ്പോലും, ഈ ഉത്തരവു് ഗവണ്മെന്റു് പുറപ്പെടുവിച്ച ഉത്തരവിനെ സ്പർശിക്കുന്നതല്ലെന്നു് ബഹുമാനപ്പെട്ട ശ്രീ. കരുണാകരൻ ഈ സഭ മുമ്പാകെ പ്രസ്താവിച്ചതു് നിർഭാഗ്യകരമായിപ്പോയി എന്നാണു് എനിക്കു പറയാനുള്ളതു് ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിൽ നിയമവിരുദ്ധമായി, അന്യായമായി സ്വന്തമായി എന്തെങ്കിലും ലാഭത്തിനുവേണ്ടി ഗവണ്മെന്റു് ഇടപെട്ട എന്നു തെളിയിക്കാൻ ശ്രീ. കരുണാകരനെ ഞാൻ വെല്ലുവിളിക്കുകയാണു്. എം. പി. പി. എഫ്. ആക്ടിന്റെയും റൂൾസിന്റെയും പരിധിക്കകത്തുനിന്നുകൊണ്ടാണു് ഗവണ്മെന്റു് ചെയ്തിട്ടുള്ളതു്. ഇതു ശരിയാണെന്നു് ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞിട്ടും ആ ഉത്തരവിനെപ്പോലും വളച്ചൊടിച്ചു് സത്യവിരുദ്ധമായി ആത്മാർത്ഥതയില്ലാതെ ഇത്തരത്തിൽ ഈ സഭയിൽ പ്രസ്താവിച്ചുകൊണ്ടു് എന്നെ തേജോവധം ചെയ്യാനാണു് പ്രതിപക്ഷനേതാവു് ശ്രമിച്ചതു്. ഇതു് നിർഭാഗ്യകരമാണു്. ഇക്കാര്യത്തിൽ ഈ മരം കൊണ്ടുപോകുന്നതിനുള്ള അനുവാദം അല്ലാതെ കളക്ടർ അവർക്കു നൽകിയിട്ടുള്ള പെർമിറ്റു രണ്ടും സസ്പെൻഡു ചെയ്തിട്ടുള്ളതു് കൊടുക്കണമെന്നോ അതല്ലെങ്കിൽ ഈ സസ്പെൻഷൻ പിൻവലിക്കണമെന്നോ ഒന്നും ഗവണ്മെന്റു് പറഞ്ഞിട്ടില്ല. ഒരുകാര്യംകൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ശ്രീമതി പാറുക്കുട്ടിയമ്മയ്ക്കു് ഗവണ്മെന്റുത്തരവു കൊടുത്തതു് ടെലിപ്രിന്ററിലാണു്, അതുകൊണ്ടു് ദുരുദ്ദേശപരമായാണു് കൽപ്പന കമ്മ്യൂണിക്കേറ്റു ചെയ്തതെന്നാണു് ശ്രീമാൻ കരുണാകരൻ ഉദ്ദേശിക്കുന്നതെങ്കിൽ എനിക്കു പറയാനുള്ളതു് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവു്, ഞാൻ നേരത്തെ വായിച്ച ഭാഗം അടങ്ങുന്ന ഉത്തരവു് കോഴിക്കോടു് ഡി. എഫ്. ഓ. യ്ക്കു കമ്മ്യൂണിക്കേറ്റു ചെയ്തിട്ടുള്ളതു് ടെലിപ്രിന്റർ മെസേജു് വഴിയാണെന്നാണു്. മരം മാറ്റിക്കൊണ്ടുപോയില്ലെങ്കിൽ അതു് ഗവണ്മെന്റിനു് അല്ലെങ്കിൽ കക്ഷിക്കു് നഷ്ടമായിരിക്കുമെന്നു് കോടതിക്കു് ഉത്കണ്ഠയുണ്ടായതുകൊണ്ടാണു് മരം കൊണ്ടുപോകാൻ അനുവദിച്ചതു്. അതനുവദിച്ചുകഴിഞ്ഞു് പിന്നീടതു് താമസിപ്പിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ശരിയായിരിക്കുകയില്ലെന്നു് ബഹുമാനപ്പെട്ട ഹൈക്കോടതിക്കു് ബോദ്ധ്യം വന്നതു കൊണ്ടാണു് ഈ ഉത്തരവു്, കോടതിയുടെ ആർഡർ, കോഴിക്കോട്ടു് ഡി. എഫ്. ഓ. യെ ടെലിപ്രിൻറർ വഴി അറിയിച്ചതെന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണു്. ഇതാണു് വസ്തുത. ഈ വസ്തുതകൾ വച്ചുകൊണ്ടു്, അന്യായമായി ഗവണ്മെൻറു് ഇടപെട്ടതോ അതല്ല എന്തെങ്കിലും തരത്തിൽ കാര്യലാഭത്തിനുവേണ്ടി ചെയ്തതോ അല്ലെന്നു് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, അതുപോലെതന്നെ വേറൊരുകാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഡിസ്ട്രിക്ടു് കളക്ടർ കോൺഫിഡൻഷ്യൽ ഡി. ഒ. ലറർ അയച്ചതു് ബഹുമാനപ്പെട്ട മെമ്പറുടെ കൈയിൽ എങ്ങനെ എത്തി എന്നു് ഞാൻ സ്വാഭാവികമായും ചോദിച്ചുപോവുകയാണു്. അപ്പോഴും ഈ കാര്യങ്ങളെക്കുറിച്ചു് തെറ്റിദ്ധാരണ പരത്തുന്നതരത്തിലുള്ള പരിശ്രമങ്ങളും നടത്തി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനു മനഃപൂർവ്വം പരിശ്രമം നടത്തിയെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല ഇക്കാര്യത്തിൽ ഇതിൽ കൂടുതലായി യാതൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഹൈക്കോടതി ശരിവച്ച ഉത്തരവു്, ഇങ്ങനെ ശരിവച്ച ഉത്തരവുകൊണ്ടു് കക്ഷികൾക്കു് ഗുണം കിട്ടണമെന്നു വിചാരിച്ചു് ടെലിപ്രിൻററിൽ അയച്ചതാണു്. ഇക്കാര്യത്തിൽ ഇത്രയും ശ്രദ്ധക്കാന്തി കാണിച്ചതു് സർക്കാരിനുവേണ്ടിയും ഒരു പാവപ്പെട്ട കക്ഷിക്കുവേണ്ടിയും ചെയ്ത ന്യായമായ ഒരുകാര്യം, അന്യായമാണെന്നും സ്വന്തമായ താൽപ്പര്യത്തിനുവേണ്ടിയാണെന്നും ഈ സഭയിൽ പറയാൻ മിനക്കെട്ടതു് ശരിയായില്ലെന്നുമാത്രമേ ഞാൻ ഇപ്പോഴും പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

ശ്രീ. കെ. കരുണാകരൻ: കളവായിട്ടു് മുറിച്ചെടുത്തിട്ടുള്ള മരം കൊണ്ടുപോകാൻ ടെലിപ്രിൻറർ വഴി ആർഡർ അയച്ചു എന്നു പറഞ്ഞാൽ അതിലും വലിയ സത്യവിരുദ്ധമായ പ്രസ്താവന ഈ സഭയിൽ ചെയ്യാനില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, കളവായി മരം മുറിച്ചുകൊണ്ടുപോയി എന്നു് വീണ്ടും പറയുകയാണു്.

മി. സ്പീക്കർ: മന്ത്രി ഇവിടെ ഉണ്ടല്ലോ ഉത്തരം പറയാൻ.

Shri K. M. Mani: Sir, may I refer to one sentence from the notification dated 9th September 1968 published in the Gazette dated 16th September 1968 and then ask one question.

In exercise of the powers conferred by Section 55 of the Madras Forest Act, 1882 as made applicable to M. P. P. F. Act, 1949..... .....the Government of Kerala hereby specially empower the District Forest Officers to accept from any person reasonably suspected of having committed any forest offence other than an offence under Section 50 or Section 52 of the Madras Forest Act 1882 (Act V of 1882) in respect of Private forests coming within the scope of the M. P. P. Forests Act 1949 (Act XXVII of 1949) a sum of money by way of compensation for the offence which might have bee committed in the said private forests and where any proper y has been seized as liable to confiscation, to release the same on payment of the value thereof as estimated by the said forest officers.

സർ, ഞാൻ രണ്ടു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണു്. അനധികൃതമായി വെട്ടിയ തടിയെ സംബന്ധിച്ചിടത്തോളം ഡിസ്ട്രിക്ടു് ഫോറസ്റ്റു് ഓഫീസർ വാല്യു ചെയ്യുന്ന നിരക്കനുസരിച്ചുള്ള തടിവില കെട്ടിവച്ചു് കേസു് കമ്പൗണ്ടു ചെയ്തതിനുശേഷം 'മാത്രമേ റിലീസു ചെയ്തു് കൊടുക്കാവൂ എന്ന നിയമം ഉണ്ടായിരിക്കുകയും ജില്ലാ കളക്ടർക്കു ഡി. എഫ്. ഓ. യ്ക്കു് ഇപ്രകാരം ചെയ്യാൻ 958—ലെ പട്ടമനുസ

LIBRARY ARCHIVES Kerala Legislative Assembly

50802

രിച്ച് അധികാരം നൽകുകയും ചെയ്തിരിക്കെ ഇപ്രകാരം തടിവില കെട്ടിവച്ച് കേസു കമ്പൗണ്ട് ചെയ്യാതെയും ഡിപ്പാർട്ടുമെന്റിന്റെ കൺസെന്റു വാങ്ങാതെയും ഇരുന്ന പാറുക്കുട്ടിയമ്മക്കു ഡി. എഫ്. ഒ. യുടെയും ജില്ലാ കളക്ടറുടെയും ഒറിജിനൽ അധികാരത്തെ മറികടന്നുകൊണ്ട് എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽമാത്രം ഇല്ലിസിറ്റായി വെട്ടിയ തടി മുഴുവൻ കൊണ്ടുപോകട്ടെ എന്നു പറഞ്ഞുകൊണ്ട് അൺകണ്ടീഷനലായ ഉത്തരവു കൊടുത്തു?

ശ്രീ. എം. കെ. കൃഷ്ണൻ: അൺകണ്ടീഷണലായ ഉത്തരവു കൊടുത്തിട്ടില്ല കമ്പൗണ്ടുചെയ്യുന്ന അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൊടുത്തിട്ടുള്ള.

ശ്രീ. കെ. എം. മാണി: വേയ്മെന്റ് എടുത്തിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതിൽ ഡിസ്ക്രഷൻ അനുവദിക്കാമോ?

ശ്രീ. കെ. എം. മാണി: രണ്ടാമത്തെ പ്രശ്നം ഇതാണ്. എം. കെ. പ്രകാശവും പാറുക്കുട്ടിയമ്മയും തമ്മിൽ 275 ഏക്കർ പ്രൈവറ്റ് ഫോറസ്റ്റിനെ സംബന്ധിച്ചും, അതിൽനിൽക്കുന്ന തടിയുടെ അവകാശത്തെസംബന്ധിച്ചും ഹൈക്കോടതിയിൽ നടന്ന കേസിൽ പാറുക്കുട്ടിയമ്മ കമ്പൗണ്ടിംഗിനപേക്ഷിച്ചിട്ടുണ്ടെന്നും തടിവില പാറുക്കുട്ടിയമ്മ കെട്ടിവയ്ക്കുമെന്നുള്ളതുകൊണ്ടും പ്രകാശിനു നഷ്ടപ്പെടാനിടയില്ലെന്നും സർക്കാർ കൊടുത്ത ഉറപ്പിന്മേൽ പാറുക്കുട്ടിയമ്മയുടെമേൽ പ്രകാശം കൊടുത്തിരുന്ന കേസിന്റെ താൽക്കാലിക ഇൻജംഗ്ഷൻ തള്ളി എന്നല്ലാതെ മന്ത്രിയുടെ ടെലിപ്രിന്റർ മെസേജ് ശരിയായിരുന്നോ എന്നും ഒഴിവാക്കാമായിരുന്ന നഷ്ടം സർക്കാരിനു സംജാതമായിട്ടുണ്ട് എന്നും ഹൈക്കോടതി പരിശോധിച്ചിട്ടില്ലല്ലോ?

ശ്രീ. എം. കെ. കൃഷ്ണൻ: കോടതി ഉത്തരവു ഞാൻ വായിച്ചതാണ്. പി. 3 ഈ ചോദ്യത്തിനു പ്രസക്തമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുകയാണെങ്കിൽ തെളിവു കൊടുക്കാൻ തയ്യാറാണ്.

മി. സ്പീക്കർ: ഇന്നു ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുകയുണ്ടായി. കമ്മിറ്റിയുടെ തീരുമാനങ്ങൾ അറിയുന്നതിനു ബഹുമാനപ്പെട്ട പല മെമ്പറന്മാരും ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നതുകൊണ്ട് ആ തീരുമാനങ്ങൾ സഭയെ അറിയിക്കുകയാണ്.

നാളെ 9 മണിമുതൽ 12 മണിവരെയുള്ള സമയം എഡ്യൂക്കേഷൻ ബിൽ പഞ്ചായത്തുരാജ് ബിൽ എന്നിവയ്ക്കുവേണ്ടി വിനിയോഗിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തോടുകൂടി പഞ്ചായത്തുരാജ് ബില്ലിന്റെ ചർച്ച അവസാനിക്കുന്നതാണ്. നാളെ 12 മണിമുതൽ 1 മണിവരെയുള്ള ഒരു മണിക്കൂറും മറന്നാളെ 22-ാം തീയതി 9 മണിമുതൽ 10 മണിവരെ ഒരു മണിക്കൂറും ഭൂപരിഷ്കരണ ബില്ലിന്റെ ചർച്ചയ്ക്കുവേണ്ടി വിനിയോഗിക്കുന്നതായിരിക്കും.

Order, order. The House will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 1.03 p. m. to meet again at 8 a. m. on Thursday, the 21st August 1969.

LIBRARY ARCHIVES Kerala Legislative Assembly